**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** — **02-02-2026 - ൽ മറുപടിയ്ക്ക്**

**വനങ്ങളിലെ അധിനിവേശ സസ്യങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിന് ഒരു കാരണം അധിനിവേശ സസ്യങ്ങളും ജലം കൂടുതൽ വലിച്ചെടുക്കുന്ന വൃക്ഷങ്ങളുമാണ് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (എ) | അധിനിവേശ സസ്യങ്ങളും, ജലം കൂടുതൽ വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, സെന്ന തുടങ്ങിയ വേഗം വളരുന്ന ചില വിദേശ മരങ്ങളും വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിന് ഒരു കാരണമാണ് എന്ന് കണക്കാക്കുന്നു. അധിനിവേശ സസ്യങ്ങൾ തദ്ദേശീയ പുല്ലുകളും, കുറ്റിച്ചെടികളും ഇല്ലാതാക്കുകയും, ചെറിയ നീരുറവകളും ചോലകളും ഉണങ്ങാൻ ഇടയാക്കുകയും ചെയ്യുന്നുണ്ട്. അതുമൂലം മൃഗങ്ങൾക്ക് അവയുടെ സ്വാഭാവിക ആഹാരം കുറയുന്നു. കാട്ടിനുള്ളിൽ ഭക്ഷ്യലഭ്യത കുറയുമ്പോൾ വന്യമൃഗങ്ങൾ ഭക്ഷണാവശ്യങ്ങൾക്കായി ജനവാസമേഖലകളിലേക്കും, കൃഷിയിടങ്ങളിലേക്കും ഇറങ്ങാനുള്ള സാധ്യത കൂടുന്നു. |
| (ബി) | സംസ്ഥാനത്തെ കാടുകളിൽ നിന്നും മഞ്ഞക്കൊന്ന അടക്കമുള്ള അധിനിവേശ സസ്യങ്ങളും യൂക്കാലിപ്റ്റസ് അടക്കമുള്ള വെള്ളമൂറ്റി കുടിക്കുന്ന വൃക്ഷങ്ങളും പിഴുതു മാറ്റി മറ്റു വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | 17.12.2021 ലെ സ.ഉ.(എം.എസ്)29/2021/വനം. പ്രകാരം പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് വട്ട, ഈട്ടി, മരുത്, പാല, ആഞ്ഞിലി, മലവേപ്പ് തുടങ്ങിയ പ്രാദേശികയിനം മരങ്ങൾ, തദ്ദേശീയ ഫലവൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുകവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അംഗീകൃത വർക്കിംഗ് പ്ലാൻ ശിപാർശ ചെയ്തിട്ടുള്ള മറ്റ് വനപ്രദേശങ്ങളിലും ഇക്കോ റെസ്റ്റൊറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തി സ്വാഭാവിക വനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ മഞ്ഞക്കൊന്ന ഉൻമൂലനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ